**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6753**

**12.07.2012 ൽ മറുപടിക്ക്**

**ചേർത്തലയിൽ റെയിൽവെ ബോഗി നിർമ്മാണ ഫാക്ടറി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.കോടിയേരി ബാലകൃഷ്ണൻ:** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ റെയിൽവേ ബോഗിനിർമ്മാണ ഫാക്ടറി ആരംഭിക്കുന്നതിന് റെയിൽവേയുമായി സംസ്ഥാന സർക്കാർ ധാരണയിലായത് എന്നാണെന്ന് വ്യക്തമാക്കുമോ ; | (എ) ചേർത്തലയിൽ റെയിൽ കംപോണന്റ് ഫാക്ടറി തുടങ്ങുവാൻ സംസ്ഥാന സർക്കാരും റെയിൽവേയും, ധാരണപത്രം 28.06.2008 ലും, തുടർന്ന് ഷെയർ ഹോൾഡേഴ്സ് എഗ്രിമെന്റ് 27.02.2009 ഒപ്പുവച്ചിരുന്നു. |
| (ബി) പ്രസ്തുത ധാരണ പ്രകാരം പദ്ധതിക്കായി മുൻസർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (ബി) പ്രസ്തുത ധാരണ പ്രകാരം 27.06.2008 -ലെ സർക്കാർ ജി.ഒ(എം.എസ്)നം.86/08/ ഐ.ഡി. ഉത്തരവ് പ്രകാരം ആട്ടോകാസ്റ്റിനെ സിൽക്കിൽ നിന്നും, വേർപെടുത്തി. ആട്ടോകാസ്റ്റിന്റേയും സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിന്റെയും ബാദ്ധ്യതയായിട്ടുള്ള സ്റ്റാറ്റ്യൂട്ടറി കുടിശിഖകൾ സർക്കാർ ഏറ്റെടുത്തു ഒറ്റത്തവണ തീർപ്പാക്കലിന് തുടക്കം കുറിച്ചിരുന്നു. |
| (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ബോഗി നിർമ്മാണ ഫാക്ടറി ആരംഭിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ; | (സി) ഈ പദ്ധതി സംബന്ധിച്ച് റെയിൽവേ സമർപ്പിച്ച 'അഷേഡ് ബിസിനസ്സ്' എന്ന ഒരു നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുകയാണ്. |
| (ഡി) ചേർത്തല ബോഗി നിർമ്മാണ ഫാക്ടറി സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>(ഇ) ഉണ്ടെങ്കിൽ ഇതിന്റെ കാരണങ്ങൾ വിശദമാക്കുമോ? | **(ഡി) & (ഇ)**<br>റെയിൽവേ നിർദ്ദേശിച്ചിട്ടുള്ള 'അഷേഡ് ബിസിനസ്സ്'-ൽ സ്വകാര്യ പങ്കാളിത്തത്തെപ്പറ്റി പ്രതിപാദിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**